# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1775 11.02.2013 ലെ മറുപടിക്ക്

# ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ് :<br>,, തോമസ് ഉണ്ണിയാടൻ :<br>,, റ്റി.യു കുരുവിള :<br>,, മോൻസ് ജോസഫ് : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പ് മന്ത്രി ) |
| (എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്, എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ടാഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ യഥാസമയവും, കാര്യക്ഷമവുമായും നൽകുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ഗ്രാമ പഞ്ചായത്തുകളിൽ ഐ.കെ.എം.ന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർവൽക്കരണം നടന്നു വരുന്നു. ബ്ലോക്കു പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സേവനാവകാശ നിയമം വകുപ്പ് (3) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

ഗ്രാമപഞ്ചായത്തുകളുടെ റവന്യൂ അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചതുവഴി അതത് ദിവസത്തെ സാമ്പത്തിക സ്ഥിതിയും ചെലവ് വിവരങ്ങളും ആസ്തി ബാദ്ധ്യതാ വിവരങ്ങളും കൃത്യമായി പരിശോധിച്ച് തിട്ടപ്പെടുത്തുന്നുണ്ട്. കൂടാതെ സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നുണ്ട്. അതിലൂടെ ഗ്രാമ പഞ്ചായത്തുകളിലെ ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കൃത്യതയും സുതാര്യതയും കൈവരുത്താൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

| | |
|---|---|
| (ബി) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി) ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചതിന്റെ ഭാഗമായി 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലാർക്കുമാരുടെ തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ